"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് – എക്സൈസ്- സംസ്ഥാനത്ത് കൊറോണ വൈറസിന്റെ (കോവിഡ്-19) വ്യാപനം തടയുന്നതിനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നത് - ബാറുകൾ അടച്ചിടുന്നതിനും, മദ്യശാലകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (ജി) വകുപ്പ്**

**സ.ഉ.(കൈ) നം.34/2020/നി.വ** തീയതി,തിരുവനന്തപുരം, 24/03/2020

പരാമർശം:- 23/03/2020 തിയതിയിലെ ജി.ഒ.(എം.എസ്) 49/2020/പൊ.ഭ.വ. ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്ത് കൊറോണ വൈറസിന്റെ (കോവിഡ്-19) വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനമാകെ ലോക്ഡൗൺ ചെയ്യുന്നതിനും അതിന്റെ ഭാഗമായി സ്വീകരിക്കേണ്ട പൊതുനടപടികളെ സംബന്ധിച്ചും പരാമർശം ഉത്തരവിലൂടെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന ഉത്തരവുകൾ ഉടനടി പ്രാബല്യത്തിൽ പുറപ്പെടുവിക്കുന്നു.

1. അബ്കാരി ലേലം നിറുത്തിവയ്ക്കേണ്ടതാണ്.
2. സംസ്ഥാനത്തെ എല്ലാ ബാറുകളും (എഫ്.എൽ- 3 , എഫ്.എൽ- 11 ) ലൈസൻസികൾ അടച്ചിടേണ്ടതാണ്.
3. സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെയും, കൺസ്യൂമർ ഫെഡിന്റെയും കീഴിൽ പ്രവർത്തിക്കുന്ന വിദേശമദ്യശാലകൾ (എഫ്.എൽ- 1 ലൈസൻസികൾ) , കള്ളുഷാപ്പുകൾ എന്നിവ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മറ്റ് നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി തുടർന്ന് പ്രവർത്തിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.കെ.ഇളങ്കോവന്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

സംസ്ഥാന പോലീസ് മേധാവി.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്.

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ& ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

നികുതി (എ) വകുപ്പിന്

നികുതി (എഫ്) വകുപ്പിന്

പൊതുഭരണ (എസ്.സി) വകുപ്പിന് (23/03/2020-ലെ മന്ത്രിസഭാ യോഗത്തിലെ ഇനം.3906 തീരുമാനം പ്രകാരം).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ